# ഭരണഭാഷ - മാതൃഭാഷ

Registered Tapal

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - പാലക്കാട് ജില്ലാ പി.എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥിയെ ₹ 19000 - 43600 (പരിഷ്ക്കരണത്തിന് മുൻപ്) വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ താൽക്കാലിക നിയമനം - അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/35051/23/ഡി.ടി.ഇ — തിരുവനന്തപുരം , തീയതി: 15.11.2023

വായന:- 1.19.10.2023 ലെ പി IV (1) 03/2021/1 നമ്പർ പാലക്കാട് ജില്ലാ പി.എസ്.സി ഓഫീസറുടെ നിയമന ശിപാർശ
2.05.03.1974 ലെ സ ഉ (പി) നം.49/74/പിഡി നമ്പർ സർക്കാർ ഉത്തരവ്
3.18.07.1974 ലെ സ ഉ (കൈ) നം170/74/പിഡി നമ്പർ സർക്കാർ ഉത്തരവ്
4.29.03.1990 ലെ സർക്കാർ സർക്കുലർ മെമ്മോറാണ്ടം നം.3737/റൂൾസ്/1/90/പി&എആർഡി
5.15.02.1991 ലെ സ ഉ (പി) നം.7/91/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
6.06.06.2011 ലെ സ ഉ (പി) നം.15/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
7.30.06.2011 ലെ സ ഉ (പി) നം..20/2011/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
8.07.01.2013 ലെ സ ഉ (പി) നം.20/2013/പി & എആർഡി നമ്പർ സർക്കാർ ഉത്തരവ്
9.03.04.2013 ലെ സ ഉ (പി) നം.149/2013 നമ്പർ സർക്കാർ ഉത്തരവ്
10.15.11.2016 ലെ സ ഉ (പി) നം.171/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവ്
11.17.08.2021 ലെ സ.ഉ (അച്ചടി) നം 118/2021നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

വായന (1) നിയമന ശിപാർശ പ്രകാരം, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ **പാലക്കാട്** ജില്ലാ തല നിയമനമായി പാലക്കാട് ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ചെയ്തിരിക്കുന്ന ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥിയെ, 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ, ഭഗം II പൊതു ചട്ടം 3(സി), ചട്ടം 9 (എ) (ഐ), ചട്ടം 10 (ബി) എന്നിവകൾക്ക് വിധേയമായി ഈ വകുപ്പിലെ ₹ 19000 - 43600 (പരിഷ്ക്കരണത്തിന് മുൻപ്) വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ താൽക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

2.വായന (2) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർത്ഥിയുടെ സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം ടി താൽക്കാലിക നിയമനം അറിയിപ്പ് കൂടാതെ റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും, പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് പരിശോധനയിൽ തെളിയുന്ന മുറയക്ക് മാത്രമേ ടി താൽക്കാലിക നിയമനം ക്രമീകരികുന്നതിന് ഉദ്യോഗാർത്ഥി അർഹത നേടുകയുള്ളൂ.

3.നിയമനം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| വായന (1) നിയമന ശിപാർശയിലെ ക്രമ നമ്പർ | പേരും,മേൽ വിലാസവും | നിയമനം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | **ശാലിനി.കെ.എസ്**<br>**രേവതി,കോങ്ങാട്,**<br>പാലക്കാട്- 678631 | **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്ക്നോളജി &**<br>**സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,ഷൊർണ്ണൂർ,**<br>**പാലക്കാട്** |

4.ഉദ്യോഗാർത്ഥി, വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ) എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ - ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തങ്ങളുടെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ടി സ്ഥാപന മേധാവികൾ മുൻപാകെ **01.12.2023 നോ അതിനു മുൻപോ** ജോലിക്കു ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ടി നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

5.ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടിയാളെ നിയമന ശിപാർശ ചെയ്ത പാലക്കാട് ജില്ല പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ടിയാളിന് പുനർ നിയമനത്തിനായി പേര് റീ - രജിസ്റ്റർ ചെയ്യാവുന്നതോ, അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിടുതൽ ചെയ്യപ്പെട്ടത് ആ തസ്തികയിൽ

Draft #2 of File ED1/35051/23/DTE Approved by Senior Administrative Officer on 15-Nov-2023 01:02 PM - Page 1

നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ്.

6.സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7.ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി വായന (3) സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വഭാവവും, പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപ്പത്ര ഫാറം യഥാവിധി പൂരിപ്പിച്ച് സ്ഥാപന മേധാവി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

8.വായന (11) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർഥിയുടെ പിഎസ്‌സി നിയമന പരിശോധനക്കായി പേർസണൽ മെമ്മോറാണ്ടം, സർവീസ് ഡീറ്റെയിൽസ് എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള പ്രോഫോർമ, നിയമന ശിപാർശ കത്തിൻറെയും, നിയമന ഉത്തരവിൻറെയും പകർപ്പുകൾ എന്നിവ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ഈ കാര്യാലയത്തിൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

9.ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ സ്ഥാപന മേധാവി മുൻപാകെ ഹാജരാക്കേണ്ടതാണ്.

10.വായന (10) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ഉദ്യോഗാർത്ഥിയുടെ പേരിലുള്ള സ്ഥാവര - ജംഗമ വസ്തുകളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

11.വായന (8),(9) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കും ടി ഉദ്യോഗാർഥിയുടെ നിയമനം.

12.ഉദ്യോഗാർത്ഥി ഹാജരാക്കുന്ന വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി / സമുദായം (ബാധകമെങ്കിൽ) എന്നിവ തെളിയിക്കുന്ന രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ - ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തൻറെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ, ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ, പി.എസ്.സി ഉദ്യോഗാർത്ഥിക്ക് നൽകുന്ന നിയമന ശിപാർശ, വൺടൈം വേരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവകളുടെ **<u>അസ്സലുകൾ</u>** പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശാലിനി.കെ.എസ്
രേവതി,കോങ്ങാട്,
പാലക്കാട്- 678631
(രജി വിത്ത് എ.ഡി.കാർഡ് സഹിതം)

പകർപ്പ്

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ,തിരുവനന്തപുരം

2.പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്ക്നോളജി &
സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,ഷൊർണ്ണൂർ,പാലക്കാട്
(വൺ ടൈം വേരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പിസിഎൻ - 210030994 അസൽ,പിഎസ്‌സി നിയമന ശിപാർശയുടെ പകർപ്പ് എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)
(രജി തപാൽ)

3.സൂപ്രണ്ട്,ജീവനക്കാര്യം (ജി) വിഭാഗം,ഡിടിഇ
4.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
5.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

Draft #2 of File ED1/35051/23/DTE Approved by Senior Administrative Officer on 15-Nov-2023 01:02 PM - Page 2

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 15.11.2023
Reason: Approved

The document is digitally approved. Hence signature is not needed.